# ഒറ്റമുറിയുള്ള വീട്

സമയം സന്ധ്യയോടടുക്കാറായിരുന്നു. പുഴയുടെ ആത്മാക്കൾ ആകാശത്തിന്റെ സ്വർണ്ണവർണ്ണത്തെ മറച്ചുകൊണ്ട് ഒഴുകി നടന്നു. ഈ സമയം രവീന്ദ്രൻ വീടിന്റെ രണ്ടാം നിലയിലെ തന്റെ ഓഫീസ് മുറിയിലായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ പക്ഷേ എന്നത്തേയും പോലെ ഫയലുകളിൽ ആയിരുന്നില്ല. മറിച്ച്, അവ പെയ്തൊഴിയാൻ വെമ്പുന്ന കാർമേഘങ്ങളിൽ ഉടക്കിനിന്നു. ആ കാഴ്ച്ച ഭൂതകാലത്തിന്റെ നേരിയ ഓർമ്മകളിലേക്കുള്ള കവാടം അദ്ദേഹത്തിന് തുറന്നുനൽകിയിരിക്കുന്നു. മഴയുടെ മണമുള്ള സന്ധ്യ. നിലത്ത് ചുമരിനോട് ചേർത്ത് അടുക്കിവച്ചിരിക്കുന്ന തന്റെ പാഠപുസ്തകങ്ങൾ. മറുവശത്തെ ചുവരിനോട് ചേർന്ന് അടുപ്പിനരികിലിരിക്കുന്ന മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചം. പുറത്ത് കൊട്ടിഘോഷിക്കുന്ന മഴയുടെ ശബ്ദം കേൾക്കാനായി താൻ ഭിത്തിയോട് ചെവിചേർത്ത് പിടിച്ചിരിക്കുന്നു. ഇടിയുടെ മുഴക്കത്തിൽ വിറകൊള്ളുന്ന ദുർബലമായ ഭിത്തികൾ...

കതക് തുറക്കുന്നതിന്റെ ശബ്ദം കേട്ടാണ് അദ്ദേഹം കണ്ണ് തുറന്നത്.

"മണി 8 കഴിഞ്ഞല്ലോ? ഇന്നിതെന്ത് പറ്റി? ചോറ് തണുത്തിട്ടുണ്ടാകും."

Item Code: 640 Participant Code: 030

25 വർഷത്തോളമായി കൂടെയുള്ള ഭാര്യ, ആദ്യമായാണ് അദ്ദേഹം സമയക്രമം തെറ്റിക്കുന്നത് കാണുന്നത്. ഒരു ബിസിനസ്സുകാരന്റെ ചിട്ടയായ ജീവിതരീതികൾ ആ വീടിന്റെ ഓരോ നിമിഷത്തിലും വ്യക്തമായിരുന്നു. ഒന്നിനുമീതെ ഒന്നായി ബിസിനസ്സുകൾ കെട്ടിപ്പടുക്കുന്നതിനിടയിൽ രവീന്ദ്രൻ ഏറ്റവുമധികം മൂല്യം നൽകിയത് സമയത്തിനായിരുന്നു. ഓഫീസിലെന്ന പോലെ വീട്ടിലും ചിട്ടകൾ. അതിനിടയിൽ രവീന്ദ്രൻ അച്ഛന്റെ കടങ്ങളെല്ലാം വീട്ടി, വീടെന്ന സിമന്റുനിർമ്മിതി ഒരു മാളികയായി മാറി. മക്കൾ വിദേശങ്ങളിൽ നിന്ന് പഠിച്ച് തിരിച്ചെത്തി. കമ്പനികളുടെ ചുമതല അവർ ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന് ഒരു തരം ശൂന്യത അനുഭവപ്പെട്ടു. മനസ്സിൽ ഓർമ്മകളുടെ താളുകൾ അധികവും ഒഴിഞ്ഞുകിടക്കുന്നു. അദ്ദേഹം അവയിൽ എന്തിനോ വേണ്ടി തിരയുകയായിരുന്നോ? അമ്മയുടെ ചിറകിനടിയിൽ ഓലകൊണ്ട് മേൽക്കൂര കെട്ടിയ, തന്റെ ആ ഒറ്റമുറി വീട്ടിലെ മഴയുടെ ഗന്ധംപോലെ ജീവന്റെ നിറവും ഗന്ധവും തുടിപ്പുമുള്ള ഓർമ്മകൾ?

അയാൾ തൊട്ടപ്പുറത്തുള്ള തന്റെ അമ്മയുടെ മുറിക്കരികിലെത്തി. സ്വപ്നത്തിലെന്ന പോലെ ഓർമ്മകൾ മിന്നിമറയുന്നു. അമ്മയുടെ നിറം മങ്ങിയ സാരിയിൽ മുഖം പൂഴ്ത്തുമ്പോൾ വേർതിരിച്ചറിയാനാകാത്ത ഗന്ധങ്ങൾ: വാടിയ ജമന്തിപൂവിന്റേതോ? അതോ അടുപ്പിലെ പുകയുടേതോ? പതിയെ പതിയെ ആ ഗന്ധങ്ങളെല്ലാം മറഞ്ഞുപോകുന്നു. കൺമുന്നിലെ ഇരുട്ടിൽ ശ്വാസംമുട്ടുന്നതുപോലെ.

രവീന്ദ്രൻ കതകുവലിച്ചു തുറന്നു. കട്ടിലിൽ നിലാവെളിച്ചത്തിലേക്ക് നോക്കി കിടക്കുകയാണ് അമ്മ. അദ്ദേഹത്തെ കണ്ടതും ആ ക്ഷീണിച്ച കണ്ണുകൾ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കണ്ണുനീർ കൊണ്ട് നിറയുവാൻ തുടങ്ങി. ~~അദ്ദേഹത്തിന് അമ്മയെ~~ ചുക്കിചുളിഞ്ഞ കൈകൾകൊണ്ട് അവർ മകനെ അടുത്തേക്ക് വിളിച്ചു.

"മോനമ്മേടെ അടുത്ത് വന്നിട്ടെത്രകാലായി"

"ഞാനതിന് തൊട്ടപ്പുറത്തെ മുറിയിലില്ലേ അമ്മേ? ~~ഒന്നു~~ ഇത്ര അടുത്തന്നെ?"

മകന്റെ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ അവർ തന്റെ വിറക്കുന്ന കൈകൾ കൊണ്ട് തുടയ്ക്കുവാൻ ശ്രമിച്ചു.

"ബന്ധങ്ങൾക്കെടേല് ഒര് ചെലര്ണ്ടാക്കണ അകലം അത്ര ചെറ്തൊന്നും അല്ല. കൂടെ ണ്ടായിട്ടും ഇല്ലാത്തമാതിരി."

~~രവീന്ദ്ര~~ രവീന്ദ്രൻ ~~[illegible]~~ ഒരുപാട് സമയം അമ്മയുടെ അടുത്തിരുന്നു. മരുന്നിന്റെ പ്രവർത്തനം കാരണം അവർ അപ്പോഴേക്കും ഉറക്കത്തിലേക്ക് വീണുകഴിഞ്ഞിരുന്നു. അദ്ദേഹം തിരികെ വന്ന് തന്റെ കസേരയിലേക്ക് ചാഞ്ഞു. അയാളുടെ വിറയ്ക്കുന്ന കൈവെള്ളയിലപ്പോഴും ~~ഒ~~ കണ്ണീരിന്റെ ഉപ്പും അമ്മയുടെ കൈത്തണ്ടയുടെ ചൂടും.

അദ്ദേഹത്തിന്റെ ശരീരം ~~സ്വയമേ~~ സ്വയം പ്രവർത്തിച്ചുകൊണ്ടിരുന്നു. ആ വീടിന്റെ ഓരോ ഇടനാഴിയിലൂടെയും അയാൾ നടന്നു, ഒരപരിചിതനെപോലെ. നിലാവിന്റെ വെളിച്ചത്തിൽ, അന്ത്യമില്ലാത്തവയായി തോന്നുന്ന മുറികളോടും ഇടനാഴികളോടും ഭിത്തികളോടും അയാൾക്ക് വെറുപ്പ് തോന്നി. അതദ്ദേഹത്തെ വരിഞ്ഞുമുറുക്കുന്നതുപോലെ. താൻ കടന്നുപോയ മുറികളിലേതിലൊക്കെയോ തന്റെ മക്കളും ഭാര്യയും അടങ്ങുന്ന കുടുംബമുണ്ട്. ഒരുപക്ഷേ അഞ്ചടി

അകലത്തിൽ....

അദ്ദേഹം ചുവരിൽ ചാരി പതിയെ നിലത്തിരുന്നു. നിലത്തിന് മാർബിളിന്റെ തണുപ്പ്. ചുവരിന് ഏതോ കെമിക്കലിന്റെ നേരിയ ഗന്ധം.

രവീന്ദ്രൻ കണ്ണുകൾ ഇറുക്കിയടച്ചു. എന്നിട്ട് ~~തന്റെ കൊ ഒറ്റമുറിവീടിന്റെ~~ തന്റെ മാളിക ഒരു ഒറ്റമുറി വീടാകുന്നത് സ്വപ്നം കണ്ടു. പുറത്ത് മഴ ചാറുന്നുണ്ടായിരുന്നു. ആ ശബ്ദം പക്ഷേ അദ്ദേഹം കേൾക്കുന്നില്ല.

---